ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഈ വർഷം 267 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 135 ഭക്ഷ്യപദാർത്ഥങ്ങൾ സുരക്ഷിതമല്ലെന്നും 132 ഭക്ഷ്യപദാർത്ഥങ്ങൾ നിശ്ചിത ഗുണനിലവാരമില്ലാത്തതാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഇവർക്കെതിരെ പ്രോസിക്യൂഷൻ അടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തടസ്സങ്ങളില്ല. കോടതികളിൽ ശിക്ഷിക്കപ്പെടുന്ന കേസ്സുകളിൽ വിവരങ്ങൾ പരസ്യപ്പെടുത്തുവാൻ വേണ്ട നടപടികൾ കാലാനുസൃതം പരിശോധിക്കാവുന്നതാണ്.

സ്വകാര്യമേഖലയിലുള്ള മെഡിക്കൽ ലാബുകളുടെ പ്രവർത്തനം

124 (789) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യമേഖലയിലുള്ള മെഡിക്കൽ ലാബുകളുടെ പ്രവർത്തനം പരിശോധിക്കാറുണ്ടോ ;

(ബി) പ്രസ്തുത ലാബുകളിൽ ഗുണനിലവാരമുള്ള ഉപകരണങ്ങളും യോഗ്യതയുള്ള പരിശോധകരുമുണ്ടോ എന്നത് പരിശോധിക്കാറുണ്ടോ ;

(സി) ഇതുസംബന്ധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള നിയമവ്യവസ്ഥ വിശദമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം നിയമപരമായി ക്രമീകരിക്കുന്നതിന് പാർലമെന്റ് പാസ്സാക്കിയ നിയമം സംസ്ഥാനത്തിന് ബാധകമാക്കുകയോ പുതിയ നിയമം നടപ്പിലാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി രണ്ട് തവണ പരിശോധന നടത്തിയിട്ടുണ്ട്. (26-8-2014 -ലും 27-2-2015-ലും).

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുജനാരോഗ്യ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പൊതു ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനിടയുള്ള കാര്യങ്ങൾ മുൻനിർത്തിയാണ് പരിശോധന നടത്തിയത്.

(സി) തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം 1955, മദിരാശി പൊതു ജനാരോഗ്യ നിയമം 1939 പ്രകാരവുമാണ് പരിശോധന നടത്തി നടപടി എടുത്തത്.

(ഡി) സ്വകാര്യ ആശുപത്രി, ക്ലിനിക്കുകൾ, ലബോറട്ടറികൾ, നേഴ്സിംഗ് ഹോം തുടങ്ങിയവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്കു വേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് ഇൻ ഹെൽത്ത് സെക്ടറിന്റെ പ്രവർത്തനം

125 (790) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് ഇൻ ഹെൽത്ത് സെക്ടറിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) ഇതിനായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു വെന്നും ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് ഇൻ ഹെൽത്ത് സെക്ടർ ആരോഗ്യവകുപ്പിനുകീഴിൽ നടപ്പാക്കിയിട്ടില്ല.

(ബി) 500 ലക്ഷം രൂപ അധിക കേന്ദ്രസഹായമായി വകയിരുത്തിയിരു ന്നെങ്കിലും പ്രസ്തുത തുക അനുവദിച്ചിട്ടില്ല.

ചെക്ക്പോസ്റ്റുകളിൽ ഭക്ഷ്യപരിശോധനാ ലാബുകൾ

126 (791) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ചെക്കുപോസ്റ്റുകളിലും ഭക്ഷ്യപരിശോധനാ ലാബുകൾ സ്ഥാപി ച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly